LIBRARY ARCHIVES Kerala Legislative Assembly

വാറ്റ് നടപ്പാക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടം

17 [192] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് നികുതി സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) വാറ്റ് നടപ്പാക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന നേട്ടങ്ങളും നികുതി സമ്പ്രദായത്തിൽ വരുന്ന മാറ്റങ്ങളും വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വാറ്റ്-നെ ഒരു വിഭാഗം എതിർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർ എതിർക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) വാറ്റ് സമ്പ്രദായം വരുന്നതോടെ വ്യാപാരം കൂടുതൽ സുതാര്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2005 മുതൽ.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ന്യൂനപക്ഷം വരുന്ന ചില വ്യാപാരികളും സംഘടനകളും വാറ്റ് നടപ്പിൽ വരുന്നതിനെ എതിർക്കുന്നു. ഇതിന്റെ കാരണം കണ്ടെത്തുന്നതിനായി അവരുമായി ചർച്ചകൾ നടത്തിവരികയാണ്.

(ഇ) വാറ്റ് സമ്പ്രദായം വരുന്നതോടെ വ്യാപാരം കൂടുതൽ സുതാര്യമാകുമെന്ന് കരുതുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതിന് ബില്ല് മുഖേനയുള്ള വ്യാപാരം ആവശ്യമാകയാൽ സുതാര്യത കൈവരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടി

18 [193] ശ്രീ. ടി. പി. രാമകൃഷ്ണൻ:
" കെ. രാധാകൃഷ്ണൻ:
" കെ. വി. കുഞ്ഞിരാമൻ:
" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിൽപ്പന നികുതി ഇനത്തിൽ 2004-05 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണ്; ഇതിൽ ഇതുവരെ എന്തു തുക സമാഹരിച്ചു;

(സി) പ്രധാന നികുതി സ്രോതസ്സുകൾക്കെല്ലാം റിക്കാർഡ് വില വർദ്ധന ഉണ്ടായിട്ടും സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ഫലമായി സംസ്ഥാനത്തിന് 2003-04, 2004-05 വർഷങ്ങളിൽ ലഭിച്ച അധിക വരുമാനം എത്ര വീതമാണ്;

(ഇ) നികുതി കുടിശ്ശിക ഇനത്തിൽ 2004-05 വർഷത്തിന് എന്തു തുകയാണ് പിരിഞ്ഞു കിട്ടാനുള്ളത്; ഓരോ ഇനത്തിലുമുള്ള കുടിശ്ശിക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി, പാർസൽ ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ വിവരങ്ങൾ ശേഖരിക്കുന്നു.

(2) നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നു.

(3) റെയിൽവെ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നു.

(4) ചരക്കുകൾ വാഹനങ്ങൾ വഴി കടത്തിക്കൊണ്ടുപോകുമ്പോൾ തടഞ്ഞു നിർത്തി പരിശോധിച്ച് രേഖകൾ ഇല്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.

(5) എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി കമ്മീഷണർമാർ അടക്കമുള്ള സെയിൽ ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

(6) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. വിൽപ്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി പിരിക്കുന്നു.

(7) നികുതി പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(8) സംസ്ഥാന അതിർത്തിയിലെ ഇടവഴികൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി കാസർഗോഡ്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് നികുതി ചോർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(9) ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോകുന്ന വാഹനങ്ങൾ ഇന്റലിജന്റ് സ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

(ബി) 2004-05 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ ലക്ഷ്യ മിട്ടിരുന്ന തുക 7123 കോടി രൂപയാണ്. ഇതിൽ 2004 ഡിസംബർ വരെ 4405.46 കോടി രൂപ സമാഹരിച്ചു.

(സി) 31-12-2004-ലെ കണക്കനുസരിച്ച് വിൽപ്പന നികുതി വരുമാനം മുൻവർഷത്തേക്കാൾ 525.87 കോടി കൂടുതലാണ്. ഇത് 14 ശതമാനം വർദ്ധനവാണ്.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വരുമാനത്തിൽ 2003-04 വർഷത്തിൽ 150.25 കോടി രൂപയും 2004-05 വർഷത്തിൽ ഡിസംബർ 31 വരെ 185 കോടി രൂപയും അധികം ലഭിച്ചിട്ടുണ്ട്.

(ഇ) വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 2004-05 വർഷത്തിൽ പിരിഞ്ഞു കിട്ടാനുള്ളത് 2661.12 കോടി രൂപയാണ്. ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.†

സ്വർണ്ണവ്യാപാരികളിൽ നിന്നും അർഹമായ നികുതി പിരിച്ചെടുക്കുവാൻ നടപടി

19 [194] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 സാമ്പത്തിക വർഷം മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തെയും വിൽപ്പന നികുതി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷങ്ങളിൽ സ്വർണ്ണവ്യാപാരത്തിൽ നിന്നും ലഭിച്ച വിൽപ്പന നികുതി എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) സ്വർണ്ണവ്യാപാരികൾ പരസ്യത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വളരെ കുറഞ്ഞ തുക മാത്രമാണ് നികുതിയായി നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ വ്യാപാരം നടക്കുന്ന സ്വർണ്ണ വ്യാപാര ത്തിൽ നിന്നും അർഹമായ നികുതി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെയും സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെയും പിരിഞ്ഞുകിട്ടിയ വിൽപ്പന നികുതി താഴെ വിവരിക്കുന്നു:

വർഷം	*വിൽപ്പന നികുതി*
2001-2002	4440.85 കോടി രൂപ
2002-2003	5380.63 കോടി രൂപ
2003-2004	6081.13 കോടി രൂപ
2004-2005 (ഡിസംബർ വരെ)	4405.46 കോടി രൂപ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[1-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (193) കാണുക.]

	തുക കോടിയിൽ
കോടതി സ്റ്റേ	.. 755.65
ഗവൺമെന്റ് സ്റ്റേ	.. 125.42
മറ്റ് സ്റ്റേ	.. 89.18
ആർ.ആർ.സി.-ക്ക് അയച്ചത്	.. 1485.57
23(2) (ബി)	.. 16.55
എൻ.ആർ.സി.	.. 228.92
മറ്റു നടപടി	.. 455.48
റിട്ടൺ ഓഫ്	.. 64.75

അനുബന്ധം II

[1-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21 (196) കാണുക.]

തുക കോടിയിൽ

വർഷം	എണ്ണക്കമ്പനികളിൽ നിന്നുള്ള വരുമാനം	ബീവറേജസ് കോർപ്പറേഷനിൽ നിന്നുള്ള വരുമാനം	മറ്റിനങ്ങൾ	ആകെ
2001-02	1267.60	881.00	2292.29	4440.89
2002-03	1474.81	1031.68	2874.14	5380.63
2003-04	1625.06	1164.18	3291.89	6081.13
2004-05 ഡിസംബർ വരെ	1210.32	781.11	2414.03	4405.46

LIBRARY ARCHIVES Kerala Legislative Assembly